LIBRARY ARCHIVES Kerala Legislative Assembly

പ്ലസ് ടു മേഖലയിൽ പുതുതായി അനുവദിച്ച സ്കൂളുകളും അടച്ചുപൂട്ടേണ്ടിവന്ന സ്കൂളുകളും

107 [659] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന്ശേഷം പ്ലസ് ടു മേഖലയിൽ പുതുതായി എത്ര എയിഡഡ്, അൺ എയിഡഡ് സ്കൂളുകൾ അനുവദിച്ചിട്ടുണ്ട്;

(ബി) ഇതേ കാലയളവിൽ എത്ര സ്കൂളുകൾ അടച്ചുപൂട്ടിയിട്ടുണ്ട്; ഇതിൽ സർക്കാർ സ്കൂളുകൾ എത്രയെന്നും, സ്വകാര്യ സ്കൂളുകൾ എത്രയെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) എയിഡഡ് മേഖലയിൽ 4 പ്ലസ് ടു സ്കൂളുകളും അൺ എയിഡഡ് മേഖലയിൽ 333 പ്ലസ് ടു സ്കൂളുകളും അനുവദിച്ചിട്ടുണ്ട്.

(ബി) പ്ലസ് ടു സ്കൂളുകൾ ഒന്നുംതന്നെ അടച്ചു പൂട്ടിയിട്ടില്ല. മറ്റ് സ്കൂളുകൾ സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു.

പ്ലസ് ടു സ്കൂളുകളിലെ അദ്ധ്യാപക നിയമനം

108 [660] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2003 ഡിസംബർ 31 വരെ സംസ്ഥാനത്തെ പ്ലസ് ടു മേഖലയിൽ എത്ര എയിഡഡ്, അൺ എയിഡഡ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഇതേ കാലയളവിൽ സർക്കാർ മേഖലയിലെ പ്ലസ് ടു സ്കൂളുകളിൽ സെറ്റ് പാസ്സായ എത്ര അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ടെന്ന് ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) എയിഡഡ് പ്ലസ് ടു സ്കൂളുകൾ-512, അൺ എയിഡഡ് പ്ലസ് ടു സ്കൂളുകൾ-340.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2003 ഡിസംബർ 31 വരെ സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ നിയമിച്ച അദ്ധ്യാപകരിൽ 723 പേർ സെറ്റ് പാസ്സായവരാണ്. ഹയർ സെക്കൻഡറി അദ്ധ്യാപക നിയമനം സ്റ്റേറ്റടിസ്ഥാനത്തിലാണ് നടത്തുന്നത്.